"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഗൈനക്കോളജി വിഭാഗം കൺസൽട്ടന്റ്മാരായ ഡോ.ബിജി.എസ്., ഡോ.ശോഭകുമാരി.ഒ. എന്നിവർ യഥാക്രമം ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.924/2023, OA No.926/2023 കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 31.07.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2639/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023**

പരാമർശം:-
1. സ.ഉ (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023
2. ഡോ.ബിജി.എസ്. കൺസൽട്ടന്റ് സമർപ്പിച്ച 11.06.2023 തീയതിയായ അപ്പീൽ അപേക്ഷ (Annexure A10)
3. ഡോ.ശോഭകുമാരി.ഒ. കൺസൽട്ടന്റ് സമർപ്പിച്ച 08.08.2023 തീയതിയായ അപ്പീൽ അപേക്ഷ
4. OA No.924/2023, OA No.926/2023 കേസുകളിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 31.07.2023-ലെ ഉത്തരവ്.
5. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ കൺസൽട്ടന്റ്മാരുടെ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം കൺസൽട്ടന്റ്മാരായ ഡോ.ബിജി.എസ്., ഡോ.ശോഭകുമാരി.ഒ. എന്നിവർ ബഹു:ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം OA No.924/2023, OA No.926/2023 കേസുകൾ ഫയൽ ചെയ്തിരുന്നു. പരാമർശം (4) ഉത്തരവ് പ്രകാരം

49⊥783

GOVERNMENT OF KERALA 2017-18

അപേക്ഷകരെയും രണ്ട് കേസുകളിലെയും ഒരേ എതിർകക്ഷിയായ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.നിബി ചന്ദ്രയെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2), (3) അപ്പീൽ അപേക്ഷകളും, രണ്ട് കേസുകളിലെയും എതിർകക്ഷിയായ ഡോ.നിബി ചന്ദ്രക്ക് തിരുവനന്തപുരം ജില്ലയിൽ നൽകിയിരുന്ന ജോലിക്രമീകരണ വ്യവസ്ഥയിലെ നിയമനവും പരിഗണിച്ച ശേഷം ആറ് ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു: ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (5) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകരെയും എതിർകക്ഷിയെയും നേരിൽ കേൾക്കുകയും അപേക്ഷകർ സമർപ്പിച്ച പരാമർശം (2), (3) അപ്പീൽ അപേക്ഷകൾ പരിശോധിക്കുകയും ചെയ്തിരുന്നു.

3) ഹോം സ്റ്റേഷൻ തിരുവനന്തപുരമായതിനാലും ആരോഗ്യ വകുപ്പിലെ 18 വർഷ സേവന കാലയളവും ജില്ലക്ക് പുറത്താണ് ജോലി നോക്കിയിരുന്നത് എന്നതിനാലും, തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലോ, പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലോ നിയമനം നൽകണമെന്ന് ഡോ.ബിജി.എസ്. പരാമർശം (2) അപ്പീൽ അപേക്ഷയിൽ അപേക്ഷിച്ചിരുന്നു.

4)2023-ലെ പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത ആലപ്പുഴ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റുകയുണ്ടായി എന്നും, 28.02.2026-ന് സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാലും, മുൻപ് ആലപ്പുഴ ജില്ലയിൽ 3 വർഷം ജോലി നോക്കിയതിന് ശേഷമാണ് 11.03.2019-ൽ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചിരുന്നത് എന്നതിനാലും, ഭർത്താവ് സ്ട്രോക്ക് ബാധിതനായി കിടപ്പുരോഗിയായതിനാലും, ഔട്ട് സ്റ്റേഷൻ സർവ്വീസും, അനുതാപാർഹമായ

കാരണങ്ങളും പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ നിയമനം അനുവദിക്കണമെന്ന് പരാമർശം (3) അപ്പീൽ അപേക്ഷ പ്രകാരം ഡോ.ശോഭാകുമാരി.ഒ. അഭ്യർത്ഥിച്ചിരുന്നു.

5) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. തിരുവനന്തപുരം സ്വദേശിയായ OA 924/2023-അപേക്ഷക ഡോ.ബിജി.എസ്. 18 വർഷം പത്തനംതിട്ട ജില്ലയിൽ ജോലി നോക്കുന്ന കാലയളവിൽ 2023 പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിക്കുന്നതിന് മുൻപ് ടിയാൾ തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി ഒരിക്കലും അപേക്ഷ സമർപ്പിച്ചിരുന്നില്ല. ഡോ.നിബി ചന്ദ്ര ആരോഗ്യ പ്രശ്നങ്ങൾ കൊണ്ടാണ് ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ അനുകമ്പാർഹമായ കാരണങ്ങളാൽ ഒന്നര വർഷം തിരുവനന്തപുരം ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയിരുന്നത്. ആയത് ടിയാളെ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ നിന്നും മാറ്റുന്നതിന് പര്യാപ്തമായ കാരണമായി കണക്കിലെടുക്കാൻ സാധിക്കാത്തതിനാൽ ഡോ.നിബി ചന്ദ്രയെ പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ തന്നെ നിലനിറുത്തുവാനും, ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ബിജി.എസ്.-ന് തിരുവനന്തപുരം നഗരത്തിലെ ആശുപത്രികളിൽ സ്ഥാനക്കയറ്റം മുഖാന്തിരമോ, വിരമിക്കൽ മുഖാന്തിരമോ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ സ്ഥലംമാറ്റ നിയമനം നൽകാവുന്നതാണെന്നും, OA 926/2023-അപേക്ഷക ഡോ.ശോഭാകുമാരി.ഒ.-ക്ക് സർവ്വീസിൽ നിന്നും വിരമിക്കുവാൻ രണ്ട് വർഷക്കാലയളവ് മാത്രമേ ബാക്കിയുള്ളൂ എന്നത് കണക്കിലെടുത്ത് വർക്കല താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി കൺസൾട്ടന്റ് തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് OA 924/2023-അപേക്ഷക ഡോ.ബിജി.എസ്.-ന് തിരുവനന്തപുരം നഗരാതിർത്തിക്ക് ഉള്ളിലെ ആശുപത്രികളിൽ കൺസൾട്ടന്റ് (O&G) തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിൽ നിയമനം നൽകുവാൻ സർക്കാരിൽ ശിപാർശ സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക്

491782

GOVERNMENT OF KERALA 2017-18

നിർദ്ദേശം നൽകിക്കൊണ്ടും, OA 926/2023-അപേക്ഷക ഡോ.ശോഭാകുമാരി.ഒ.-ക്ക് വർക്കല താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി കൺസൾട്ടന്റ് തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകിക്കൊണ്ടും പരാമർശം (2) (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.924/2023, OA No.926/2023 കേസുകളിൽമേലുള്ള 31.07.2023-ലെ പരാമർശം (4) ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
ഡോ.ബിജി.എസ്., കൺസൾട്ടന്റ് (O&G), KV-14, TC-13/565, കുന്നുകുഴി, വഞ്ചിയൂർ.പി.ഒ., വഞ്ചിയൂർ വില്ലേജ്, തിരുവനന്തപുരം.
ഡോ.ശോഭകുമാരി.ഒ., കൺസൾട്ടന്റ് (O&G), "സദ്ഗമയ", TC 17/2050, പൂജപ്പുര.പി.ഒ., തിരുവനന്തപുരം - 695 012.
ഡോ.നിബി ചന്ദ്ര.എൻ., കൺസൾട്ടന്റ് (O&G), ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 12-10-2023 11:37:37

മേലെഴുത്ത് നം. ഇ.എ1-5151/2023/ആ.വ.ഡ, തീയതി 12.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി